"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ.നം. 6902/12 (മുൻ ഡബ്ല്യു.പി.(സി) 28011/09)-മേലുള്ള 26.03.2018-ലെ ഉത്തരവ് നടപ്പിലാക്കികൊണ്ട് പുറപ്പെടുവിച്ച 19/07/2021 ലെ സ.ഉ.(സാധാ) നം. 287/2021/AYUSH നമ്പർ ഉത്തരവ് റദ്ദാക്കിക്കൊണ്ട്, പി.ഡബ്ള്യു.ഡി വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീറുടെ 31/12/2014ലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി.ആർ.സുഷമയെ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (ബി) വകുപ്പ്

സ.ഉ.(കൈ) നം.20/2022/AYUSH തീയതി,തിരുവനന്തപുരം, 08-07-2022

പരാമർശം:-

1) സ.ഉ.(അ) നം.501/2005/ധന തീയതി 25.11.2005.

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ.നം. 6902/12 (മുൻ - ഡബ്ല്യു. പി. (സി) 28011/09)-മേലുള്ള 26.03.2018-ലെ ഉത്തരവ്.

3) ബഹു. കേരള ഹൈക്കോടതിയുടെ OP(KAT) No.342/2020 -മേലുള്ള 03.03.2021-ലെ വിധിന്യായം.

4 ) ശ്രീമതി ആർ. സുഷമയുടെ 15.05.2018, 01.04.2021 എന്നീ തീയതികളിലെ അപേക്ഷകൾ.

5 ) ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 24.09.2011, 28.03.2012, 19.08.2014, 18.03.2016, 14.06.2018 എന്നീ തീയതികളിലെ 923/ഇ.ബി1/2016/ഡി.എച്ച്. നമ്പർ കത്തുകൾ.

6) സ.ഉ.(സാധാ) നം. 287/2021/AYUSH തീയതി 19/07/2021.

7 ) ബഹു. കേരള ഹൈക്കോടതിയുടെ - Con.Case No.393/2022 -മേലുള്ള 28.06.2022-ലെ വിധിന്യായം.

8 ) അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ 04.06.2022 തീയതിയിലെ AAG/COC 393/2022നമ്പർ കത്ത്.

ഉത്തരവ്

ഹോമിയോപ്പതി വകുപ്പിലെ ഇളനാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ. സുഷമ, ടിയാളെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപെട്ടു കൊണ്ട് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ റ്റി.എ. നം. 6902/12 (മുൻ ഡബ്ല്യു പി. (സി) 28011/09) പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു.

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവിൽ

വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം പരിശോധിച്ച് ശ്രീമതി.ആർ.സുഷമയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് നിർദേശിച്ചിരുന്നു. ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2)-ലെ വിധിക്കെതിരെ OP(KAT) No.342/2020- ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് നിരാകരിക്കുകയും പരാമർശം (3) -ലെ ഉത്തരവ് ലഭിച്ച 6 ആഴ്ചക്കകം ബഹു: ട്രൈബ്യൂണലിന്റെ പരാമർശം (2 ) ഉത്തരവ് നടപ്പാക്കണമെന്ന് ബഹു. കേരള ഹൈക്കോടതി ഉത്തരവുകയും ചെയ്തു.

3 ) ശ്രീമതി ആർ. സുഷമ 07.11.2003 മുതൽ ടി ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നുണ്ടെന്നും, എന്നാൽ മുമ്പ് ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നപ്പോൾ സ്ഥാപനത്തിന്റെ സ്വീപ്പിംഗ് ഏരിയ 95.88 m2 മാത്രം ഉണ്ടായിരുന്നതെന്നും 27.08.2014-ന് സ്ഥാപനം സ്വന്തമായി പണി തീർത്ത കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയിപ്പോൾ ടി കെട്ടിടത്തിന്റെ സ്വീപ്പിംഗ് ഏരിയ 138. 68m2 ആയി മാറിയിട്ടുണ്ടെന്നും പരാമർശം 5 ) പ്രകാരം ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർ ശം 6) ഉത്തരവ് റദ്ദാക്കിക്കൊണ്ട്, പി.ഡബ്ള്യു.ഡി വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ 31/12/2014ലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 31/12/2014 തീയതി പ്രാബല്യത്തിൽ ശ്രീമതി.ആർ.സുഷമയെ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു. പരാമർ ശം 2)-ലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവും പരാമർശം 3)-ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായവും ഇതിനാൽ പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി. ആർ.സുഷമ, കാഷ്വൽ സ്വീപ്പർ, സർക്കാർ ഹോമിയോ ഡിസ്പെൻസറി, ഇളനാട്, തൃശ്ശൂർ (ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖാന്തരം).

ജില്ലാ മെഡിക്കലാഫീസർ (ഹോമിയോ), തൃശ്ശൂർ.

സർക്കാർ ഹോമിയോ ഹോമിയോ ഡിസ്പെൻസറി, ഇളനാട്, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

ധനകാര്യ (Exp-C) വകുപ്പ് (894181 / EXP-C2/51/2018-FIN തീയതി 04.06.2021 )

പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം : 901 തീയതി 06.07.2022).

ഉത്തരവിൻ പ്രകാരം

Signed by Sheena Paul
Date: 11-07-2022 12:18:06
സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-07-2022

ഫയൽ നം. ബി3/33/2016/ആയുഷ്. ഇനം നം: 901

വിഷയം : ആയുഷ് വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ.നം.6902/12 (മുൻ റിട്ട് ഹർജി (സി)നം.28011/09)-മേലുള്ള 26.03.2018-ലെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് 19.07.2021-ലെ സ.ഉ.(സാധാ)നം.287/2021/ആയുഷ് നമ്പർ ഉത്തരവ് പിൻവലിച്ച് ശ്രീമതി ആർ. സുഷമയെ, പി.ഡബ്ല്യൂ.ഡി. വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ 31.12.2014-ലെ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

Put up order issue

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

7/7

901

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി3 /33 /2016 /ആയുഷ് |
| 2. | വകുപ്പ് | : | ആയുഷ് (ബി) വകുപ്പ് |
| 3. | വിഷയം | : | ആയുഷ് വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ.നം.6902 /12 (മുൻ റിട്ട് ഹർജി((സി)നം.28011 /09) -മേലുള്ള 26.03.2018 -ലെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് 19 /07 /2021 - ലെ സഉ(സാധ)നം.287 /2021 /ആയുഷ് നമ്പർ ഉത്തരവ് പിൻവലിച്ച് ശ്രീമതിആർ.സുഷമയെ, പി.ഡബ്ള്യുഡി വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ 31/12 /14 - ലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, പാർട്ട് ടൈംസ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | 21.06.2022. |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട്.<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. വിജയകുമാർ എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | | ഡോ. രാജൻ എൻ ഖോബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | | 27.06.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.06.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 28.06.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29.06.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

19/07/2021 ലെ സഉ(സാധ)നം.287/2021/ആയുഷ് നമ്പർ ഉത്തരവ് പിൻവലിച്ചുകൊണ്ട്, തൃശ്ശൂർ ഇളനാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.ആർ.സുഷമയെ, പി.ഡബ്ള്യു.ഡി വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ 31/12/2014 ലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ഇളനാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി. ആർ. സുഷമ, ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത റ്റി.എ.നം. 6902/12 (മുൻ റിട്ട് ഹർജി(സി)നം.28011/09) -മേലുള്ള 26.03.2018 -ലെ ഉത്തരവ് പ്രകാരം ടിയാളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ 31.12.2014 തീയതിയിലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 25/11/2005 തീയ്യതിയിലെ സ.ഉ(പി)നം.501/2005/ധന സർക്കാർ ഉത്തരവ് പ്രകാരം പരിശോധിച്ച് രണ്ട് മാസത്തിനകം ഉത്തരവാകണമെന്ന് ഉത്തരവായിരുന്നു.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ധനവകുപ്പിൽ അയച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

*"പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള 25/11/2005 ലെ സ.ഉ(പി) നം.501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ തുടർച്ചയായി കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്ന 100 ച.മീ അധികം സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാർ മാത്രമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അർഹരായിട്ടുള്ളത്. ഇളനാട് (പഴയന്നൂർ) ഹോമിയോ ഡിസ്പെൻസറിയുടെ സ്വീപ്പിങ്ങ് ഏരിയ 25/11/2005 തീയ്യതിയിൽ 100 ച.മീ യിൽ താഴെ ആയിരുന്നു. അതിനാൽ ശ്രീമതി.ആർ.സുഷമയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഈ വസ്തുത ചൂണ്ടികാട്ടി ലഭ്യമായ എല്ലാ രേഖകളും സഹിതം ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.03.2018 - ലെ വിധിക്കെതിരെ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു".*

4) ധന വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് ശ്രീമതി.ആർ.സുഷമ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത റ്റി.എ.നം. 6902/12 (മുൻ റിട്ട് ഹർജി(സി)നം.28011/09) -മേലുള്ള 26.03.2018 -ലെ ഉത്തരവിനെതിരെ സർക്കാർ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT)No.342/2020 -ന്റെ 03.03.2021 -ലെ ഉത്തരവ് പ്രകാരം, ആയത് ലഭിച്ച 6 ആഴ്ചക്കകം ബഹു: ട്രിബ്യൂണലിന്റെ 26.03.2018 -ലെ ഉത്തരവ് നടപ്പാക്കണമെന്ന് ഉത്തരവായിരുന്നു.

5) റ്റി.എ.നം.6902/12(മുൻ റിട്ട് ഹർജി(സി)നം.28011/09) -ന്മേലുള്ള 26.03.2018 -ലെ ഉത്തരവ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി.ആർ.സുഷമ ഫയൽ ചെയ്ത MA 263/2020 - ലെ 19.08.2020 -ലെ ഉത്തരവ് പ്രകാരം, 26.03.2018 -ലെ ഉത്തരവ് ഒരു മാസത്തിനകം നടപ്പിലാക്കണമെന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി അപ്പീൽ തള്ളിയതിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.03.2018 -ലെ ഉത്തരവ് നടപ്പിലാക്കേണ്ടതിനാൽ ടിയാളെ സ്ഥിരപ്പെടുത്തുന്ന വിഷയങ്ങളിൽ അഭിപ്രായത്തിനായി ഫയൽ വീണ്ടും ധനവകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"ഇളനാട് (പഴയന്നൂർ) ഹോമിയോ ഡിസ്പെൻസറിയുടെ സ്വീപ്പിങ്ങ് ഏരിയ 25/11/2005 തീയ്യതിയിൽ 100 ച.മീ-ൽ താഴെ ആയിരുന്നതിനാലും, ഈ കാലയളവിൽ ടി ഓഫീസ് പ്രവർത്തിച്ചിരുന്നത് വാടകകെട്ടിടത്തിലായിരുന്നതിനാലും ശ്രീമതി സുഷമയെ റെഗുലറൈസ് ചെയ്യുന്നതിനോട് ധനകാര്യ വകുപ്പിന് യോജിക്കാൻ കഴിയില്ലെന്നും, TA No.6902/12 -ന് എതിരെ ഫയൽ ചെയ്ത OP(KAT)No.342/2020 ന്മേലുള്ള കോടതിയുടെ 03.03.2021 -ലെ വിധിയിൽ TA -6902/2012 നമ്പർ കേസിലെ 26.03.2018 ലെ ഉത്തരവ് അനുസരിക്കുവാൻ (within six weeks from the date of receipt of a certified copy of judgment) കോടതി ഉത്തരവിട്ടിട്ടുള്ള സാഹചര്യത്തിൽ ടി വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും അറിയിക്കുന്നു".*

6) ശ്രീമതി.ആർ.സുഷമ.-യെ പാർട്ട് ടൈംസ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതിൽ യോജിക്കാൻ കഴിയില്ലെന്നും വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ബഹു.കോടതി വിധിനടപ്പിലാക്കുന്ന കാര്യത്തിൽ നിയമവകുപ്പിനോട് അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"ശ്രീമതി.ആർ.സുഷമയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് 25/11/2005 തീയതിയിലെ G.O.(P)No.501/2005/Fin സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ T.A.6902/2012 നമ്പർ കേസിൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം വിധിന്യായം ലഭ്യമായി ആറാഴ്ച്ചക്കം പാലിക്കണമെന്ന് OP(KAT)No.342/2020 നമ്പർ കേസിൽ 03/03/2021-ാം തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്.... "However, the petitioners will comply with the directions of the Tribunal at Annexure-A2, within six weeks from the date of receipt of a certified copy of this judgment." ആയതിനാൽ ശ്രീമതി. ആർ.സുഷമയുടെ സേവനം GO(P)No.501/2005/Fin സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് പ്രസ്തുത ഉത്തരവിന് അനുസൃതമായി നടപടി സ്വീകരിക്കാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു".*

7) ഇക്കാര്യം പരിശോധിക്കുകയും തുടർന്ന് ടിയാളുടെ അവകാശവാദം നിരാകരിച്ചുകൊണ്ട് 19.07.2021-ലെ സഉ(സാധ)നം.287/2021/ആയുഷ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

8) എന്നാൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി ശ്രീമതി ആർ സുഷമ., കോടതിയലക്ഷ്യ കേസ് (COCNo.293/2022) ഫയൽ ചെയ്തിരുന്നു. 19/07/2021 ലെ സഉ(സാധ)നം.287/2021/ആയുഷ് നമ്പർ ഉത്തരവ് പിൻവലിച്ചുകൊണ്ട് റ്റി.എ.നം.6902/12 (മുൻ റിട്ട് ഹർജി(സി)നം.28011/09)-ന്മേലുള്ള 26.03.2018-ലെ ഉത്തരവ് നടപ്പിലാക്കാൻ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ 04.06.2022 തീയതിയായി നിയമോപദേശം ലഭ്യമാക്കുകയുണ്ടായി.

9) ശ്രീമതി.ആർ.സുഷമ.-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്ന വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്ന ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും 19/07/2021 ലെ സഉ(സാധ)നം.287/2021/ആയുഷ് നമ്പർ ഉത്തരവ് പിൻവലിച്ചുകൊണ്ട് ശ്രീമതി.ആർ.സുഷമയെ, പി.ഡബ്ള്യു.ഡി വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ 31/12/2014 ലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

03/03/2021 -ലെ OP(KAT)342/2020 നം കേസിലെ ബഹു കോടതി വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ.നം. 6902/12 (മുൻ റിട്ട് ഹർജി(സി)നം.28011/09)-ന്മേലുള്ള 26/03/2018-ലെ ഉത്തരവ് പ്രകാരം ശ്രീമതി.ആർ.സുഷമയെ, പി.ഡബ്ള്യു.ഡി. വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ 31/12/2014-ലെ സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, 31/12/2014 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയും OP(KAT)342/2020 നം കേസിലെ 03/03/2021 -ലെ ഉത്തരവ് നടപ്പിലാക്കികൊണ്ട് പുറപ്പെടുവിച്ച 19/07/2021 -ലെ സ.ഉ.(സാധ)നം.287/2021/ആയുഷ് ഉത്തരവ് പിൻവലിച്ചും ഉത്തരവാകാമോ ?